"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി.ശ്രീജ.പി.എസ്-ന് ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.253/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 31/01/2020

================================================================================

പരാമർശം:- 1 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.

2 സ.ഉ(സാധാ)നം.360/2017/തസ്വഭവ, തീയതി 08.02.2017

3 സ.ഉ(സാധാ)നം.3885/2017/ തസ്വഭവ, തീയതി 01.12.2017.

4 ശ്രീമതി.ശ്രീജ.പി.എസ്-ന്റെ 03.05.2019 ലെ അവധിയപേക്ഷ

5 പഞ്ചായത്ത് ഡയറക്ടറുടെ 05.09.2019 ലെ ഇ4-8247/19നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി.ശ്രീജ.പി.എസ്-ന് തന്റെ മകളുടെ ചികിത്സാർത്ഥം 16.07.2019 മുതൽ 2 വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ടിയാൾ 23.07.2009 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ശ്രീമതി.ശ്രീജ.പി.എസ്-ന് പരാമർശം(2) സർക്കാർ ഉത്തരവ് പ്രകാരം 16.07.2016 മുതൽ 15.07.2017 വരേക്ക് ശൂന്യവേതനാവധി അനുവദിക്കുകയും ആയതിന് തുടർച്ചയായി പരാമർശം(3) സർക്കാർ ഉത്തരവ് പ്രകാരം 16.07.2017 മുതൽ 15.07.2019 വരെ ടിയാളുടെ മകളുടെ ചികിത്സാർത്ഥം കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ആയതിന് തുടർച്ചയായി 2 വർഷത്തേക്ക് കൂടി ശൂന്യവേതനാവധി

അനുവദിക്കണമെന്നാവശ്യപ്പെട്ടാണ് പരാമർശം (4) പ്രകാരം ടിയാൾ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ടിയാളിന്റെ മകളുടെ ചികിത്സാ രേഖകൾ ഹാജരാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി.ശ്രീജ.പി.എസ്-ന് പരാമർശം(3) സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന ശൂന്യവേതനാവധിയ്ക്ക് തുടർച്ചയായി 16.07.2019 മുതൽ 15.07.2021 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്. ആർ, ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
**ഡെപ്യൂട്ടിസെക്രട്ടറി**

**പകർപ്പ്**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, അലയമൺ ഗ്രാമപഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.ശ്രീജ.പി.എസ്, സീനിയർ ക്ലാർക്ക്, അലയമൺ ഗ്രാമപഞ്ചായത്ത്, കൊല്ലം

ധന വകുപ്പ്(07.01.2020 ലെ റൂൾസ് ബി2/5/2017/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(195/ഇപിഎ1/2019/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Danya M

സെക്ഷൻ ഓഫീസർ